## മധുരമായ കുട്ടികളേ - ബാബ വന്നിരിക്കുന്നു നിങ്ങളെ ജ്ഞാന രത്നങ്ങൾ കൊണ്ട് അലങ്കരിച്ച് തിരിച്ച് വീട്ടിലേക്ക് കൊണ്ടു പോകുന്നതിന്, പിന്നീട് രാജധാനിയിലേക്ക് അയക്കും അതുകൊണ്ട് അപാര സന്തോഷത്തിൽ കഴിയൂ, ഒരു ബാബയെ മാത്രം സ്നേഹിക്കൂ

**ചോദ്യം:-** തന്റെ ധാരണയെ ഉറപ്പുള്ളതാക്കി മാറ്റിന്നതിന്റെ ആധാരം എന്താണ്?
**ഉത്തരം:-** തന്റെ ധാരണയെ ഉറപ്പുള്ളതാക്കി മാറ്റുന്നതിന് വേണ്ടി സദാ ഇത് പക്കയാക്കൂ അതായത് ഇന്നത്തെ ദിവസം എന്ത് കടന്നുപോയോ നല്ലതായിരുന്നു വീണ്ടും കൽപത്തിന് ശേഷം സംഭവിക്കും. എന്ത് സംഭവിച്ചോ കൽപം മുൻപും ഇതുപോലെ സംഭവിച്ചിരുന്നു, ഒന്നും തന്നെ പുതിയതല്ല. ഈ യുദ്ധവും അയ്യായിരം വർഷങ്ങൾക്ക് മുൻപും നടന്നിരുന്നു, വീണ്ടും തീർച്ചയായും ഉണ്ടാകും. ഈ വൈക്കോൽകൂനയുടെ വിനാശം സംഭവിക്കുക തന്നെ ചെയ്യും.... ഇങ്ങനെ ഓരോ നിമിഷവും ഡ്രാമയുടെ സ്മൃതിയിൽ കഴിയുകയാണെങ്കിൽ ധാരണ ഉറപ്പുള്ളതായിക്കൊണ്ടിരിക്കും.

**ഓം ശാന്തി**. കുട്ടികൾ മുൻപും ദൂരദേശത്ത് നിന്ന് പരദേശത്തേക്ക് വന്നിട്ടുണ്ട്. ഇപ്പോൾ ഈ പരദേശത്തിൽ ദുഃഖികളാണ് അതുകൊണ്ട് വിളിക്കുന്നു തന്റെ ദേശത്തേക്ക് വീട്ടിലേക്ക് കൊണ്ടുപോകൂ. ഇത് നിങ്ങളുടെ വിളിയല്ലേ. വളരെ കാലമായി ഓർമ്മിച്ചു വന്നു അതുകൊണ്ട് ബാബയും വളരെ സന്തോഷത്തോടെ വരുന്നു. അറിയാം ഞാൻ എന്റെ കുട്ടികളുടെ അടുത്തേക്ക് പോകുകയാണ്. ഏത് കുട്ടികളാണോ കാമചിതയിലിരുന്ന് കത്തിപ്പോയത് അവരെ തന്റെ വീട്ടിലേക്ക് കൊണ്ട് വരും പിന്നീട് രാജധാനിയിലേക്ക് അയക്കുകയും ചെയ്യും. അതിനായി ജ്ഞാനം കൊണ്ട് അലങ്കരിക്കുകയും ചെയ്യും. കുട്ടികൾക്കും ബാബയെക്കാളും സന്തോഷമുണ്ടായിരിക്കണം. ബാബ എപ്പോൾ വരുന്നോ അപ്പോൾ ബാബയുടേതാകണം. ബാബയെ വളരെ സ്നേഹിക്കണം. ബാബ ദിവസവും മനസ്സിലാക്കിത്തരുന്നു, ആത്മാവല്ലേ സംസാരിക്കുന്നത്. ബാബാ അങ്ങ് അയ്യായിരം വർഷങ്ങൾക്ക് ശേഷം ഡ്രാമയനുസരിച്ച് വന്നിരിക്കുന്നു, ഞങ്ങൾക്ക് വളരെയധികം സന്തോഷത്തിന്റെ ഖജനാവ് ലഭിച്ചുകൊണ്ടിരിക്കുന്നു. ബാബാ അങ്ങ് ഞങ്ങളുടെ സഞ്ചി നിറച്ചുകൊണ്ടിരിക്കുന്നു, ഞങ്ങളെ നമ്മുടെ ശാന്തിധാം വീട്ടിലേക്ക് കൊണ്ട് പോകുന്നു പിന്നീട് രാജധാനിയിലേക്ക് അയക്കുന്നു. എത്ര അപാര സന്തോഷമുണ്ടായിരിക്കണം. ബാബ പറയുന്നു എനിക്ക് ഈ അന്യന്റെ രാജധാനിയിലേക്ക് തന്നെ വരണം. ബാബയുടേത് വളരെ മധുരവും അദ്ഭുതകരമായ പാർട്ടാണ്. വിശേഷിച്ചും എപ്പോഴാണോ ഈ പരദേശത്തിൽ വരുന്നത്. ഈ കാര്യങ്ങൾ നിങ്ങൾ ഇപ്പോൾ മാത്രമാണ് മനസ്സിലാക്കുന്നത് പിന്നീട് ഈ ജ്ഞാനം പ്രായഃലോപമാകുന്നു. അവിടെ ആവശ്യം തന്നെയില്ല. ബാബ പറയുന്നു നിങ്ങൾ എത്ര വിവേകശൂന്യരായിരിക്കുന്നു. നാടകത്തിലെ അഭിനേതാവായിട്ടും ബാബയെ അറിയുന്നില്ല! ആ ബാബ തന്നെയാണ് ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും എന്നാൽ എന്താണ് ചെയ്യുന്നത് എന്താണ് ചെയ്യിപ്പിക്കുന്നത് - ഇത് മറന്നിരിക്കുന്നു. മുഴുവൻ പഴയ ലോകത്തെയും സ്വർഗ്ഗമാക്കുവാൻ വരുന്നു എന്നിട്ട് ജ്ഞാനം നൽകുന്നു. ബാബ ജ്ഞാനത്തിന്റെ സാഗരമാണ് അപ്പോൾ തീർച്ചയായും ജ്ഞാനം നൽകുന്ന കർത്തവ്യം ചെയ്യില്ലേ. പിന്നീട് നിങ്ങളെക്കൊണ്ട് മറ്റുള്ളവർക്കും സന്ദേശം നൽകുന്ന കർത്തവ്യം ചെയ്യിപ്പിക്കുന്നു, അതായത് ബാബ എല്ലാവരോടും പറയുകയാണ് ഇപ്പോൾ ദേഹത്തിന്റെ ബോധം ഉപേക്ഷിച്ച് എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം നശിക്കും. ഞാൻ ശ്രീമതം നൽകുകയാണ്. എല്ലാവരും തന്നെ പാപ ആത്മാക്കളാണ്. ഈ സമയം മുഴുവൻ വൃക്ഷവും തമോപ്രധാനം, ജീർണ്ണാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ഏതുപോലെയാണോ മുളങ്കാടിന് തീ പിടിക്കുകയാണെങ്കിൽ ഒറ്റയടിക്ക് തന്നെ എല്ലാം കത്തി അവസാനിക്കുന്നത്. തീയണക്കാൻ കാട്ടിൽ വെള്ളം എവിടെ നിന്ന് വരാനാണ്. ഈ ഏതൊരു പഴയലോകമാണോ ഉള്ളത് ഇതിന് തീ പിടിക്കും. ബാബ പറയുന്നു - ഒന്നും തന്നെ പുതിയതല്ല. ബാബ നല്ല-നല്ല പോയന്റുകൾ നൽകിക്കൊണ്ടിരിക്കുന്നു അത് നോട്ട് ചെയ്യണം. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് മറ്റു ധർമ്മ സ്ഥാപകർ കേവലം തന്റെ ധർമ്മം സ്ഥാപിക്കാനാണ് വരുന്നത്, അവരെ മെസഞ്ചർ, സന്ദേശകൻ എന്നൊന്നും പറയാൻ സാധിക്കില്ല. ഇതും വളരെ യുക്തിയോടെ എഴുതണം. ശിവബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ് - എല്ലാവരും കുട്ടികളാണ്, സഹോദരങ്ങളാണ്. അതുകൊണ്ട് ഓരോ ചിത്രത്തിലും, ഓരോ വാക്യത്തിലും ഇങ്ങനെ തീർച്ചയായും എഴുതണം - ശിവബാബ ഇങ്ങനെ മനസ്സിലാക്കിത്തരുന്നു. ബാബ പറയുന്നു - കുട്ടികളേ, ഞാൻ വന്ന് സത്യയുഗീ ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു, അതിൽ 100 ശതമാനം സുഖം-ശാന്തി-പവിത്രത എല്ലാമുണ്ട് അതുകൊണ്ടാണ് അതിനെ ഹെവൻ(സ്വർഗ്ഗം) എന്നുപറയുന്നത്. അവിടെ ദുഃഖത്തിന്റെ പേരില്ല. ബാക്കി ഏതെല്ലാം ധർമ്മങ്ങളുണ്ടോ അതിന്റെയെല്ലാം വിനാശം നടത്തിക്കാൻ നിമിത്തമാകുന്നു.

സത്യയുഗത്തിലുള്ളത് ഒരേയൊരു ധർമ്മമാണ്. അതാണ് പുതിയ ലോകം. പഴയലോകത്തെ വിനാശം ചെയ്യിപ്പിക്കുന്നു. ഇങ്ങനെയുള്ള കർത്തവ്യം മറ്റാരും ചെയ്യുന്നില്ല. പറയാറുണ്ട് ശങ്കരനിലൂടെ വിനാശം. വിഷ്ണുവും ലക്ഷ്മീ-നാരായണൻ തന്നെയാണ്. പ്രജാപിതാ ബ്രഹ്മാവും ഇവിടെത്തന്നെയാണ്. ഇദ്ദേഹം തന്നെയാണ് പതിതത്തിൽ നിന്ന് പാവന ഫരിസ്തയാകുന്നത് അതുകൊണ്ടാണ് പിന്നീട് ബ്രഹ്മ ദേവത എന്നുപറയുന്നത്. ഇദ്ദേഹത്തിലൂടെയാണ് ദേവീ-ദേവതാ ധർമ്മം സ്ഥാപിക്കപ്പെടുന്നത്. ഈ ബ്രഹ്മാബാബ തന്നയാണ് ദേവീ-ദേവതാ ധർമ്മത്തിന്റെ ആദ്യത്തെ രാജകുമാരനാകുന്നത്. അതുകൊണ്ട് ബ്രഹ്മാവിലൂടെ സ്ഥാപന, ശങ്കരനിലൂടെ വിനാശം. ചിത്രം കാണിച്ച് കൊടുക്കേണ്ടേ. മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയാണ് ഈചിത്രങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. ഇതിന്റെ അർത്ഥം ആർക്കും തന്നെ അറിയില്ല. സ്വദർശനചക്രധാരിയുടേയും അർത്ഥം മനസ്സിലാക്കിത്തന്നിട്ടുണ്ട് - പരംപിതാ പരമാത്മാവിന് സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തെ അറിയാം. ബാബയിൽ എല്ലാ ജ്ഞാനവുമുണ്ട് അപ്പോൾ സ്വദർശന ചക്രധാരിയായില്ലേ. അറിയുന്നുണ്ട് ഞാൻ തന്നെയാണ് ഈ ജ്ഞാനം കേൾപ്പിക്കുന്നുണ്ട്. ബാബ ഇങ്ങനെ പറയില്ല എനിക്ക് കമല പുഷ്പ സമാനമാകണം. സത്യയുഗത്തിൽ നിങ്ങൾ കമല പുഷ്പ സമാനമായി ത്തന്നെയാണ് ജീവിക്കുന്നത്. സന്യാസികളെ പ്രതി ഇങ്ങനെ പറയില്ല. അവരാണെങ്കിൽ കാട്ടിലേക്ക് പോകുന്നു. ബാബ പറയുന്നു ആദ്യം അവരും പവിത്രവും സതോപ്രധാനവുമായിരിക്കും. ഭാരതത്തെ പവിത്രതയുടെ ബലത്തിലൂടെ താങ്ങിനിർത്തുന്നു. ഭാരതം പോലെ പവിത്രമായ ദേശം മറ്റൊന്നില്ല. ഏതുപോലെയാണോ ബാബയുടെ മഹിമയുള്ളത് അതുപോലെ ഭാരതത്തിനും മഹിമയുണ്ട്. ഭാരതം സ്വർഗ്ഗമായിരുന്നു, ഈ ലക്ഷ്മീ-നാരായണൻ രാജ്യം ഭരിച്ചിരുന്നു പിന്നീട് എവിടെപ്പോയി. ഇതിപ്പോൾ നിങ്ങൾക്കറിയാം മറ്റാരുടെയും ബുദ്ധിൽ ഉണ്ടായിരിക്കില്ല അതായത് ഈ ദേവതകൾ തന്നെയാണ് 84 ജന്മങ്ങൾ എടുത്ത് പൂജാരിയാകുന്നത്. ഇപ്പോൾ നിങ്ങൾക്ക് മുഴുവൻ ജ്ഞാനവുമുണ്ട്, ഇപ്പോൾ നമ്മൾ പൂജ്യ ദേവീ-ദേവതയാകുകയാണ് പിന്നീട് പൂജാരി മനുഷ്യനാകും. മനുഷ്യൻ മനുഷ്യൻ തന്നെയായിരിക്കും. പലപല തരത്തിലുള്ള ചിത്രങ്ങൾ ഉണ്ടാക്കുന്നുണ്ട് അങ്ങനെയുള്ള ഒരു മനുഷ്യനുമില്ല. ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ പരിധിയില്ലാത്ത ചിത്രങ്ങളാണ്. നിങ്ങളുടെ ജ്ഞാനം ഗുപ്തമാണ്. ഈ ജ്ഞാനം എല്ലാവരും സ്വീകരിക്കില്ല. ആര് ഈ ദേവീ-ദേവതാ ധർമ്മത്തിന്റെ ഇലകളാണോ അവരേ സ്വീകരിക്കൂ. ബാക്കി ആരാണോ മറ്റുപലരേയും അംഗീകരിക്കുന്നത് അവർ കേൾക്കില്ല. ആരാണോ ശിവന്റെയും ദേവതകളുടെയും ഭക്തി ചെയ്യുന്നത് അവരേ വരൂ. ആദ്യമാദ്യം എന്റെയും പൂജ ചെയ്യുന്നു, പിന്നീട് പൂജാരിയായി തന്റെയും പൂജ ചെയ്യുന്നു. അതുകൊണ്ട് ഇപ്പോൾ സന്തോഷമുണ്ട് അതായത് നമ്മൾ പൂജ്യരിൽ നിന്ന് പൂജാരിയായി, ഇപ്പോൾ വീണ്ടും പൂജ്യരാകുന്നു. എത്ര സന്തോഷമാണ് ആഘോഷിക്കുന്നത്. ഇവിടെയാണെങ്കിൽ അൽപകാലത്തെ സന്തോഷമാണ് ആഘോഷിക്കുന്നത്. അവിടെയാണെങ്കിൽ നിങ്ങൾക്ക് സദാ സന്തോഷമുണ്ടായിരിക്കും. ദീപാവലി ലക്ഷ്മിയെ വിളിക്കാനുള്ളതല്ല. ദീപാവലി നടക്കുന്നത് രാജ്യാരോഹണ സമയത്താണ്. ബാക്കി ഈ സമയം എന്തെല്ലാം ഉത്സവങ്ങളാണോ ആഘോഷിക്കുന്നത് അത് അവിടെ ഉണ്ടായിരിക്കില്ല. അവിടെ സുഖം തന്നെ സുഖമാണ്. ഈ ഒരേയൊരു സമയം മാത്രമാണ് നിങ്ങൾ ആദി-മദ്ധ്യ- അന്ത്യത്തെ അറിയുന്നത്. ഈ എല്ലാ പോയന്റ്സും എഴുതൂ. സന്യാസിമാരുടേത് ഹഠയോഗമാണ്. ഇത് രാജയോഗമാണ്. ബാബ പറയുന്നു ഓരോ ഓരോ പേജിലും ശിവബാബയുടെ പേര് അവിടെയും ഇവിടെയുമെല്ലാം തീർച്ചയായും ഉണ്ടായിരിക്കണം. ശിവബാബ നമ്മൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. നിരാകാരി ആത്മാക്കൾ ഇപ്പോൾ സാകാരത്തിൽ ഇരിക്കുന്നു. അപ്പോൾ ബാബയും സാകാരത്തിലല്ലേ മനസ്സിലാക്കിത്തരിക. ആ ബാബ പറയുന്നു സ്വയം ആത്മാവെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. കുട്ടികളോട് ശിവ ഭഗവാനുവാചയാണ്. സ്വയം ഇവിടെ സന്നിഹിതനല്ലേ. മുഖ്യ-മുഖ്യമായ പോയന്റുകൾ പുസ്തകത്തിൽ ഇങ്ങനെ വ്യക്തമായി എഴുതിയിട്ടുണ്ടായിരിക്കണം അത് പഠിക്കുന്നതിലൂടെ സ്വയംതന്നെ അവർക്ക് ജ്ഞാനം വരണം. ശിവഭഗവാനുവാചയായതുകാരണം പഠിക്കുന്നതിൽ രസം വരും. ഇത് ബുദ്ധിയുടെ ജോലിയല്ലേ. ബാബയും ശരീരം ലോണായെടുത്ത് പിന്നീട് കേൾപ്പിക്കുകയല്ലേ, ഇദ്ദേഹത്തിന്റെ ആത്മാവും കേൾക്കുന്നുണ്ട്. കുട്ടികൾക്ക് വളരെയധികം ലഹരി ഉണ്ടായിരിക്കണം. ബാബയോട് വളരെയധികം സ്നേഹമുണ്ടായിരിക്കണം. ഈ കാണുന്നത് ബാബയുടെ രഥമാണ്, ഇത് വളരെ ജന്മങ്ങളുടെ അന്തിമത്തെ ജന്മമാണ്. ഇതിൽ പ്രവേശിച്ചിരിക്കുകയാണ്. ബ്രഹ്മാവിലൂടെ ഇവർ ബ്രാഹ്മണനാകുന്നു പിന്നീട് മനുഷ്യനിൽ നിന്ന് ദേവതയാകുന്നു. ചിത്രം എത്ര വ്യക്തമാണ്. ഇനി തന്റെ ചിത്രവും വെക്കൂ മുകളിലോ അരികിലോ ആയി ഡബിൾ കിരീടമുള്ള ചിത്രവും വെക്കൂ. യോഗബലത്തിലൂടെ നമ്മൾ ഇതാകുന്നു. മുകളിൽ ശിവബാബ. ആ ബാബയെ ഓർമ്മിച്ചോർമ്മിച്ച് മനുഷ്യനിൽ നിന്ന് ദേവതയായിത്തീരുന്നു. തീർത്തും വ്യക്തമാണ്. വർണ്ണാഭമായ ചിത്രങ്ങളുടെ പുസ്തകം ഇങ്ങനെയായിരിക്കണം അത് കണ്ട് മനുഷ്യർ സന്തോഷിക്കണം. പിന്നീട് അതിലും കുറച്ച് ലളിതമായതും പാവപ്പെട്ടവർക്കായി പ്രിന്റ്ചെയ്യാം. വലുതിൽ നിന്ന് ചെറുതാക്കാനും, ചെറുതിൽ നിന്ന് വലുതാക്കാനും സാധിക്കണം, രഹസ്യം അതിൽ വരണം. ഗീതയുടെ ഭഗവാൻ ആരെന്ന ചിത്രമാണ് മുഖ്യം. ഒരു ഗീതയിൽ

കൃഷ്ണന്റെ ചിത്രം, അടുത്ത ഗീതയിൽ ത്രിമൂർത്തിയുടെ ചിത്രം നൽകുന്നതിലൂടെ മനുഷ്യർക്ക് മനസ്സിലാക്കാൻ എളുപ്പമാകും. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ ബ്രാഹ്മണർ ഇവിടെയാണ്. പ്രജാപിതാ ബ്രഹ്മാവ് സൂക്ഷ്മവതനത്തിലാകുക സാധ്യമല്ല. പറയാറുണ്ട് ബ്രഹ്മ ദേവതായ നമഃ, വിഷ്ണു ദേവതായ നമഃ ഇപ്പോൾ ദേവത ആരാണ്! ദേവതകൾ ഇവിടെ രാജ്യം ഭരിച്ചിരുന്നു. ദേവതാ ധർമ്മം ഉള്ളതാണല്ലോ. അതുകൊണ്ട് ഇതെല്ലാം നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കേണ്ടതുണ്ട്. ബ്രഹ്മാവിൽ നിന്ന് വിഷ്ണു, വിഷ്ണുവിൽ നിന്ന് ബ്രഹ്മാവ് രണ്ടു പേരും ഇവിടെയാണ്. ചിത്രമുണ്ടെങ്കിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ഏറ്റവും ആദ്യം അള്ളാഹുവിനെ തെളിയിക്കൂ എങ്കിൽ എല്ലാ കാര്യങ്ങളും വ്യക്തമാകും. പോയന്റ്സുകൾ ധാരാളമുണ്ട് മറ്റെല്ലാവരും ധർമ്മം സ്ഥാപിക്കാനാണ് വരുന്നത്. ബാബ സ്ഥാപനയും വിനാശവും രണ്ടും ചെയ്യിക്കുന്നു. എല്ലാം സംഭവിക്കുന്നത് ഡ്രാമയനുസരിച്ച് തന്നെയാണ്. ബ്രഹ്മാവിന് സംസാരിക്കാൻ സാധിക്കുമോ, വിഷ്ണുവിന് സംസാരിക്കാൻ സാധിക്കുമോ? സൂക്ഷ്മവതനത്തിൽ എന്ത് സംസാരിക്കും. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഇവിടെ നിങ്ങൾ മനസ്സിലാക്കി ട്രാൻസ്ഫറാകുന്നു, ഉയർന്ന ക്ലാസ്സിലേക്ക്. ക്ലാസ്സ്തന്നെ വേറെയാണ് ലഭിക്കുന്നത്. മൂലവതനത്തിൽ ആരും അവിടെത്തന്നെ ഇരിക്കില്ല. പിന്നീട് അവിടെ നിന്ന് നമ്പറനുസരിച്ച് വരേണ്ടതുണ്ട്. ഏറ്റവും ആദ്യം മുഖ്യമായ കാര്യം ഒന്നുമാത്രമാണ് അതിൽ ശക്തി നൽകണം. കൽപം മുൻപും ഇങ്ങനെ നടന്നിരുന്നു. ഈ സെമിനാർ മുതലായവയും ഇതുപോലെ തന്നെ കൽപം മുൻപും നടന്നിരുന്നു. ഇതുപോലെ തന്നെ പോയന്റ്സ് വന്നിരുന്നു. ഇന്നത്തെ ദിവസം എന്ത് കടന്നുപോയോ നല്ലതായിരുന്നു വീണ്ടും അയ്യായിരം വർഷങ്ങൾക്ക് ശേഷം ഇതുപോലെ തന്നെ സംഭവിക്കും. ഇങ്ങനെയിങ്ങനെ സ്വയം ധാരണ ചെയ്ത് ഉറച്ചവരായിക്കൊണ്ടിരിക്കൂ. ബാബ പറഞ്ഞിരുന്നു മാഗസിനിലുമിടൂ – ഈ യുദ്ധം മുൻപും നടന്നിരുന്നു, നത്തിങ്ങ് ന്യൂ. അയ്യായിരം വർഷങ്ങൾക്ക് മുൻപും ഇതുപോലെ സംഭവിച്ചിരുന്നു. ഈ കാര്യങ്ങൾ നിങ്ങൾ മാത്രമാണ് മനസ്സിലാക്കുന്നത്. പുറമെയുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. കേവലം പറയും കാര്യങ്ങളെല്ലാം അദ്ഭുതകരമാണ്. ശരി, എപ്പോഴെങ്കിലും പോയി മനസ്സിലാക്കാം. ശിവ ഭഗവാനുവാചാ കുട്ടിൾക്കായി ഇങ്ങനെ–ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടായിരിക്കുകയാണെങ്കിൽ വന്ന് മനസ്സിലാക്കുകും ചെയ്യും. പേരെഴുതി വച്ചിട്ടുണ്ട് പ്രജാപിതാ ബ്രഹ്മാകുമാർ–കുമാരിമാർ. പ്രജാപിതാ ബ്രഹ്മാവിലൂടെ മാത്രമാണ് ബ്രാഹ്മണരെ രചിക്കുന്നത്. ബ്രാഹ്മണ ദേവീ–ദേവതാ നമഃ എന്ന് പറയാറില്ലേ. ഏത് ബ്രാഹ്മണർ? നിങ്ങൾക്ക് ബ്രാഹ്മണർക്ക് പോലുംബ്രഹ്മാവിന്റെ സന്താനം ആരാണെന്ന് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും . പ്രജാപിതാ ബ്രഹ്മാവിന് ഇത്രയും കുട്ടികളുണ്ട് അപ്പോൾ തീർച്ചയായും ഇവിടെ ദത്തെടുക്കപ്പെട്ടതായിരിക്കും. ആര് നമ്മുടെ കുലത്തിലേതായിരിക്കുമോ അവർ നല്ല രീതിയിൽ മനസ്സിലാക്കും. നിങ്ങൾ ബാബയുടെ കുട്ടികളായിരിക്കുന്നു. ബാബ ബ്രഹ്മാവിനെയും ദത്തെടുത്തതാണ്. അല്ലെങ്കിൽ ശരീരമാകുന്ന വസ്തു എവിടെ നിന്ന് വരും. ബ്രാഹ്മണർ ഈ കാര്യങ്ങളെ മനസ്സിലാക്കും, സന്യാസി മനസ്സിലാക്കില്ല. അജ്മീറിൽ ബ്രാഹ്മരാണുള്ളത് അതുപോലെ ഹരിദ്വാറിൽ നിറയെ സന്യാസിമാരാണ്. വഴികാട്ടികളായി ബ്രാഹ്മണരുണ്ടായിരിക്കും. എന്നാൽ അവർ ഭോഗികളായിരിക്കും. അവരോട് പറയൂ നിങ്ങൾ ഭൗതീക വഴികാട്ടികളാണ്. ഇപ്പോൾ ആത്മീയ വഴികാട്ടികളാകൂ. നിങ്ങളുടെ പേരും പണ്ഢവരെന്നാണ് (വഴികാട്ടികൾ). പാണ്ഢവസേനയെയും മനസ്സിലാക്കുന്നില്ല. ബാബയാണ് പാണ്ഢവരുടെ തലവൻ. പറയുന്നു അല്ലയോ കുട്ടികളേ എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ വികർമ്മം നശിക്കും ഒപ്പം വീട്ടിലേക്ക് എത്തുകയും ചെയ്യും. പിന്നീട് അമരപുരിയിലേക്കുള്ള വലിയ യാത്രയായിരിക്കും. മൂലവതനത്തിലേക്കുള്ള യാത്രയും എത്ര വലുതായിരിക്കും. സർവ്വാത്മാക്കളും പോകും. തേനീച്ചക്കൂട്ടം പോകാറില്ലേ . തേനീച്ചകളുടെ റാണി പറക്കുകയാണെങ്കിൽ അതിന് പിറകെ എല്ലാം പറക്കുന്നു. അദ്ഭുതമല്ലേ. എല്ലാ ആത്മാക്കളും കൊതുകുകളെപ്പോലെ പോകും. ശിവന്റെ വിവാഹ ഘോഷയാത്രയില്ലേ. നിങ്ങളെല്ലാവരും വധുക്കളാണ്. ഞാൻ വരൻ വന്നിരിക്കുന്നു എല്ലാവരെയും കൊണ്ടു പോകാൻ. നിങ്ങൾ വൃത്തിഹീനമായിരിക്കുന്നു അതുകൊണ്ട് അലങ്കരിച്ചാണ് കൂടെ കൊണ്ട് പോകുക. ആരെങ്കിലും അലങ്കൃതരാകുന്നില്ലെങ്കിൽ ശിക്ഷ അനുഭവിക്കും. പോകണം എന്നത് തീർച്ചയാണ്. കാശീ കൽവട്ടിൽ പോലും മനുഷ്യർ മരിക്കുകയാണെങ്കിൽ സെക്കന്റിൽ എത്ര ശിക്ഷകളാണ് അനുഭവിക്കുന്നത്. മനുഷ്യർ നിലവിളിച്ചുകൊണ്ടേയിരിക്കുന്നു. ഇതും അങ്ങനെയാണ്, മനസ്സിലാക്കും ഞാൻ ജന്മ–ജന്മാന്തരത്തെ ദുഃഖത്തിന്റെ ശിക്ഷ അനുഭവിക്കുകയാണ്. ദുഃഖത്തിന്റെ അനുഭവം അങ്ങനെയായിരിക്കും. ജന്മ–ജന്മാന്തരത്തെ പാപത്തിന്റെ ശിക്ഷ ലഭിക്കുന്നതുപോലെയായിരിക്കും. എത്രത്തോളം ശിക്ഷ അനുഭവിക്കുന്നോ അത്രയും പദവി കുറയും അതുകൊണ്ടാണ് ബാബ പറയുന്നത് യോഗബലത്തിലൂടെ കർമ്മ–കണക്ക് സമാപ്തമാക്കൂ. ഓർമ്മയിലൂടെ സമ്പാദ്യം ഉണ്ടാക്കിക്കൊണ്ടേ പോകൂ. ജ്ഞാനം വളരെ സഹജമാണ്. ഇപ്പോൾ ഓരോ കർമ്മവും ജ്ഞാനയുക്തമായി ചെയ്യണം. ദാനവും പാത്രം നോക്കി നൽകണം. പാപാത്മാക്കൾക്ക് ദാനം നൽകുന്നതിലൂടെ പിന്നീട് നൽകുന്നവരിലും അതിന്റെ പ്രഭാവമുണ്ടാകുന്നു. അവരും പാപാത്മാക്കളായിത്തീരുന്നു. ആ പണവും കൊണ്ട് പോയി പിന്നീട് പാപം

ചെയ്യുന്നവർക്ക് ഒരിക്കലും നൽകരുത്. പാപാത്മാക്കൾക്ക് കൊടുക്കാൻ ധാരാളം പേർ ലോകത്തിലിരിക്കുന്നുണ്ട്. ഇപ്പോൾ നിങ്ങൾക്ക് അങ്ങനെ ചെയ്യേണ്ടതില്ല. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) ഇപ്പോൾ ഓരോ കർമ്മവും ജ്ഞാനയുക്തമായി ചെയ്യണം, പാത്രം നോക്കി മാത്രം ദാനം നൽകണം. പാപാത്മാക്കളുമായി ഇപ്പോൾ പണം മുതലായവയുടെ ഒരു കൊടുക്കൽ-വാങ്ങലും നടത്തരുത്. യോഗബലത്തിലൂടെ ഇപ്പോൾ എല്ലാ കർമ്മ-കണക്കുകളും തീർക്കണം.

2) ഇപ്പോൾ സന്തോഷത്തിൽ കഴിയുന്നതിന് വേണ്ടി സ്വയം തന്നോട് സംസാരിക്കണം-ബാബ, അങ്ങ് വന്നിരിക്കുന്നു ഞങ്ങൾക്ക് അപാര സന്തോഷത്തിന്റെ ഖജനാവ് നൽകുന്നതിന്, അങ്ങ് ഞങ്ങളുടെ സഞ്ചി നിറച്ചുകൊണ്ടിരിക്കുന്നു, അങ്ങയോടൊപ്പം ഞങ്ങൾ ആദ്യം ശാന്തിധാമത്തിലേക്ക് പോകും പിന്നീട് നമ്മുടെ രാജധാനിയിലേക്ക് വരും.

## വരദാനം- സമസ്യകളെ പരിഹാരസ്വരൂപത്തിലേക്ക് പരിവർത്തനം ചെയ്യുന്ന വിശ്വകല്യാണകാരിയായി ഭവിക്കട്ടെ.

ഞാൻ വിശ്വമംഗളകാരിയാണ് ...ഇപ്പോൾ ഈ ശ്രേഷ്ഠഭാവനയുടേയും,ശ്രേഷ്ഠകാമനയുടേയും സംസ്ക്കാരത്തെ ഇമർജ് ചെയ്യൂ.ഈ ശ്രേഷ്ഠസംസ്ക്കാരത്തിനുമുന്നിൽ പരിധിയുള്ള സംസ്ക്കാരങ്ങൾ താനേ സമാപ്തമാകും,പ്രശ്നങ്ങൾ പരിഹാരസ്വരൂപത്തിലേക്ക് പരിവർത്തനപ്പെടും.ഇനി യുദ്ധത്തിൽ സമയം കളയരുത് മറിച്ച് വിജയിയുടെ സംസ്ക്കാരത്തെ ഇമർജ് ചെയ്യൂ ഇപ്പോൾ എല്ലാം സേവനങ്ങളിൽ ഉപയോഗിച്ചാൽ പരിശ്രമത്തിൽ നിന്നും മുക്തമാകാം.പ്രശ്നങ്ങളിലേക്ക് വരുന്നതിനുപകരം ദാനം നൽകൂ,വരദാനം നൽകൂ എങ്കിൽ അവനവനെ ബാധിച്ച ഗ്രഹണം സമാപ്തമാകും.

## സ്ലോഗൻ- മറ്റുള്ളവരുടെ കുറവുകളേയും ദുർബലതകളേയും വർണിക്കുന്നതിനുപകരം ഗുണസ്വരൂപമാകൂ,ഗുണങ്ങളുടെ മാത്രം വർണന ചെയ്യൂ.

**അവ്യക്തസൂചന-സഹജയോഗിയായി മാറണമെങ്കിൽ പരമാത്മാ സ്നേഹത്തിന്റെ അനുഭവിയായി മാറൂ..** ബാബക്ക് കുട്ടികളോട് ഇത്രയധികം സ്നേഹമുണ്ട്,അതിനാൽ അമൃതവേളമുതൽ കുട്ടികളുടെ പാലന ചെയ്യുന്നു,ദിവസത്തിന്റെ ആരംഭം എത്ര ശ്രേഷ്ഠമാണ്,സ്വയം ഭഗവാൻ മിലനം ചെയ്യാൻ ക്ഷണിക്കുന്നു, ആത്മീയസംഭാഷണം നടത്തുന്നു,ശക്തികൾ നിറക്കുന്നു.ബാബയുടെ സ്നേഹത്തിന്റെ ഗീതമാണ് താങ്കളെ ഉണർത്തുന്നത്.എത്ര സ്നേഹത്തോടെയാണ് വിളിക്കുന്നത് ,മധുരമായകുട്ടികളേ.. പ്രിയപ്പെട്ട കുട്ടികളേ.. വരൂ... ഈ സ്നേഹത്തിന്റെ പ്രാക്ടിക്കൽ സ്വരൂപമാണ് സഹജയോഗി ജീവിതം.